ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:09-09-2026

## പ്രധാനവാർത്തകൾ

1. നാല് വരി പാതയ്ക്കായുള്ള ഏഴ് പുതിയ ഹൈ ഡെൻസിറ്റി റെയിൽവേ നെറ്റ്‌വർക്കുകൾക്ക് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

2. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

3. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് കുടുംബങ്ങളുടെ ഭക്ഷണശീലങ്ങളിലും, സമൂഹത്തിൻറെ സമീപനങ്ങളിലും മാറ്റമുണ്ടാകണമെന്ന് മന്ത്രി ബിന്ദു കൃഷ്ണ

4. സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി പട്ടയമേളയ്ക്ക് മറ്റന്നാൾ തൃശൂരിൽ തുടക്കമാകും.

5. ബസുകളുടെ ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിയായ 'പ്രോജക്റ്റ് സൂര്യ കെ.എസ്.ആർ.ടി.സി നടപ്പാക്കുന്നു

6. സംസ്ഥാനത്ത് അന്തരീക്ഷ താപനില ഉയർന്ന നിലയിൽ തുടരുന്നു. നാളെ ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്നു കാലാവസ്ഥാ വകുപ്പ്

RNU TVPM

## കേന്ദ്ര മന്ത്രിസഭ

നാല് വരി പാതയ്ക്കായി ഏഴ് ഹൈ ഡെൻസിറ്റി റെയിൽവേ നെറ്റ്‌വർക്കുകൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഡൽഹി മുതൽ മുംബൈ വരെയും, മുംബൈ മുതൽ ചെന്നൈ വരെയും, ചെന്നൈ മുതൽ കൊൽക്കത്ത വരെയും, കൊൽക്കത്ത മുതൽ ഡൽഹി വരെയും ഉള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിനു പുറമേ എട്ട് മൾട്ടിട്രാക്കിംഗ് റെയിൽവേ പദ്ധതികൾക്കും മന്ത്രിസഭ അംഗീകാരം നൽകി.

RNUTVPM

## മന്ത്രിസഭാ യോഗം

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മന്ത്രിസഭാ യോഗ തീരുമാനങ്ങൾ സംബന്ധിച്ച് തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനായി ഈ മാസം 16 മുതൽ 18 വരെ വിവിധ ക്ലസ്റ്ററുകളായി തിരിച്ച് റൗണ്ട് ടേബിൾ കോൺഫറൻസ് നടത്താൻ തീരുമാനിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. സുപ്രീം കോടതി

നിർദേശ പ്രകാരം ജില്ലാ ജുഡീഷ്യൽ ഓഫീസർമാരുടെ വിരമിക്കൽ പ്രായം 62 വയസായി ഉയർത്തിയതായും മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രിസഭാ യോഗം 2**

സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം സംബന്ധിച്ച സമയക്രമം മുൻകൂട്ടി അറിയിക്കാൻ KSEB ക്ക് നിർദ്ദേശം നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങൾക്ക് അധിക ബാധ്യതയില്ലാതെ കൂടുതൽ വൈദ്യുതി എത്തിക്കാനാണ് ശ്രമമെന്നും മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**സണ്ണിജോസഫ്**

വരും ദിവസങ്ങളിൽ പവർകട്ട് സമയം മുൻകൂറായി അറിയിക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്. ദേശീയ തലത്തിൽ ഉള്ള പ്രശ്നങ്ങളാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. നിലവിലെ നിയന്ത്രണം തുടരുമെന്നും പ്രശ്ന പരിഹാരത്തിന് സർക്കാർ ശ്രമിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**പട്ടയമേള**

RNU TVPM

സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി ഭൂരഹിതരായ അർഹർക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള പട്ടയമേളയ്ക്ക് മറ്റന്നാൾ തൃശൂരിൽ തുടക്കമാകും. രാവിലെ നടക്കുന്ന മേള മന്ത്രി എ പി അനിൽ കുമാർ ഉദ്ഘാടനം ചെയ്യും. മേളയിൽ 1,059 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യും.

**മഴ (ഇൻട്രോ)**

സംസ്ഥാനത്ത് ഇന്നും അന്തരീക്ഷ താപനില ഉയർന്ന നിലയിൽ തുടർന്നു. അതിനിടെ സംസ്ഥാനത്ത് ചിലയിടങ്ങളിൽ നാളെ മഴയ്ക്ക് സാധ്യതയുണ്ടെന്നു കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി***

***(വോയിസ്)***

RNU TVPM

**തദ്ദേശ തിരഞ്ഞെടുപ്പ്**

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമ നിർദ്ദേശ പത്രിക സമർപ്പണം നാളെ അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന മറ്റന്നാൾ നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 14 ആണ്.

28 ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 29 ന് നടക്കും.

**മന്ത്രി എൻ. ഷംസുദ്ദീൻ**

നൂതന കാലത്ത് ഏതു മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പരിശീലനം അത്യന്താപേക്ഷിതമാണെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ. ഈ അധ്യയന വർഷത്തെ എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ്ബുകളുടെ പ്രവർത്തന രൂപരേഖ തയാറാക്കുന്നതിന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

RNUTVPM

**പോഷകാഹാര മാസം**

ഒൻപതാം ദേശീയ പോഷക ആഹാര മാസത്തിന് വാരാണസിയിൽ തുടക്കമായി. കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പരിപാടി ഉദ്ഘാടനം ചെയ്തു. "നമ്മുടെ അംഗണവാടികൾ, നമ്മുടെ ഉത്തരവാദിത്തം" എന്നതാണ് ഈ വർഷത്തെ സന്ദേശം.

**പോഷൺ മാ**

പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് കുടുംബങ്ങളുടെ ഭക്ഷണശീലങ്ങളിലും, സമൂഹത്തിൻ്റെ സമീപനങ്ങളിലും മാറ്റമുണ്ടാകണമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. പോഷൺ അഭിയാൻ പദ്ധതിയുടെ ഭാഗമായി 'പോഷൺ മാ 2026' സംസ്ഥാനതല ഉദ്ഘാടനവും വനിതാ- ശിശു വികസനവകുപ്പിന്റെ 'ബാല്യസ്പന്ദനം'പദ്ധതിയുടെ കൊല്ലം ജില്ലാതല ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അവർ. പോഷണക്കുറവ്, വിളർച്ച, നവജാതശിശുക്കളുടെ ഭാരക്കുറവ് എന്നീ വെല്ലുവിളികൾക്ക് പരിഹാരമുണ്ടാക്കുക എന്നത് പോഷൺ മാ യുടെ പ്രധാന ലക്ഷ്യമാണെന്നും മന്ത്രി പറഞ്ഞു.

## 'പ്രോജക്റ്റ് സൂര്യ

കെ.എസ്.ആർ.ടി.സി ബസുകളുടെ ഡീസൽ മൈലേജ് മെച്ചപ്പെടുത്തുന്നതിനും ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനുമായി സമഗ്രമായ പ്രവർത്തന പദ്ധതിയായ 'പ്രോജക്റ്റ് സൂര്യ'നടപ്പാക്കുന്നു.

ബസുകളുടെ മൈലേജ് വർധിപ്പിക്കുന്നതിനൊപ്പം ഇന്ധനക്ഷമതയിലെ പുരോഗതി കൃത്യമായി വിലയിരുത്തുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്ന ഏകീകൃത സംവിധാനം രൂപപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

RNU TVPM

**മാധ്യമ പര്യടനം - ഇൻട്രോ**

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന ഉത്തർപ്രദേശ് മാധ്യമ പര്യടനത്തിൻ്റെ ഭാഗമായി കേരളത്തിൽ നിന്നുള്ള മാധ്യമസംഘം , മൂന്നാം ദിനം ലഖ്നൗവിലെ 11 ഗൂർഖ റൈഫിൾസ് റെജിമെന്റൽ സെന്റർ സന്ദർശിച്ചു. ലഖ്നൗ ഡിഫൻസ് പിആർഒ ശാന്തനു പ്രതാപ് സിംങ്ങുമായി മാധ്യമസംഘം ആശയവിനിമയം നടത്തി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്***

***(വോയിസ്)***

RNUTVPM

**കരട് നയ രേഖ**

പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ഭിന്നശേഷി സൗഹൃദ വിദ്യാലയം കരട് നയ രേഖ പ്രകാശനം ചെയ്തു. മുഖ്യമന്ത്രി വി.ഡി സതീശൻ മന്ത്രി എൻ ഷംസുദ്ദീന് നൽകിയാണ് കരട് നയരേഖാ പ്രകാശനം ചെയ്തത്. പൊതു ജനങ്ങൾക്ക് കരട് നയ രേഖ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാം. നിർദ്ദേശങ്ങൾ പരിശോധിച്ച് 90 ദിവസത്തിനകം അന്തിമ നയരേഖ പ്രസിദ്ധീകരിക്കും.

## സ്മാരക ആശുപത്രി (ഇൻട്രോ )

കണ്ണൂർ മാങ്ങാട്ട് പറമ്പിലെ ഇ കെ നായനാർ സ്മാരക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു. ആശുപത്രിയിലെ അടിയന്തിര ആവശ്യങ്ങൾക്കായി ജില്ലാ പഞ്ചായത്ത് 91 ലക്ഷം രൂപയും വകയിരുത്തി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.........***

***(വോയിസ്)***

RNUTVPM

## ബിരുദാനന്തര ബിരുദ പരീക്ഷ

കേരള സർവകലാശാലയിൽ ഇനി ബിരുദാനന്തര ബിരുദ പരീക്ഷകൾ മലയാളത്തിൽ എഴുതാം. ഭാഷാ വിഷയങ്ങൾ ഒഴികെയുള്ള വിഷയങ്ങളിലാണ് ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് മലയാളത്തിൽ പരീക്ഷ എഴുതാൻ അനുമതി നൽകിയത്. ആഗസ്റ്റ് 22ന് ചേർന്ന അക്കാദമിക് കൗൺസിൽ യോഗത്തിലാണ് തീരുമാനം. മലയാളത്തിൽ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഭാഷ വ്യക്തമാക്കണം. എന്നാൽ, ഒരു പരീക്ഷ ഒരു ഭാഷയിൽ മാത്രമേ എഴുതാൻ പാടുള്ളൂ.

❁❁❁❁❁❁❁❁❁❁❁❁❁

**ഓണാഘോഷം സമാപനം**

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ഓണാഘോഷ പരിപാടികളുടെ സമാപന സമ്മേളനം സിനിമാ ശബ്ദ സംവിധായകൻ എം ആർ രാജകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

ആകാശവാണി നിലയം മേധാവി ഡോ എ ജി ബൈജു, പ്രോഗ്രാം വിഭാഗം മേധാവി പി എ ബിജു, വാർത്താ വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ സ്മിതി എം പള്ളുരുത്തി, റെക്രിയേഷൻ ക്ലബ് സെക്രട്ടറി ഫഹദ് റാസ തുടങ്ങിയവർ സംസാരിച്ചു

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**നിര്യാതനായി**

ദൂരദർശൻ മലയാളം വാർത്തയുടെ ആദ്യ ന്യൂസ് എഡിറ്റർ ഇ.കെ. കൃഷ്ണൻ നായർ നിര്യാതനായി. 97 വയസായിരുന്നു. ഡൽഹി, തിരുവനന്തപുരം ആകാശവാണി നിലയങ്ങളിലും വിവിധ ജില്ലകളിൽ ഫീൽഡ് പബ്ലിസിറ്റി ഓഫീസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരച്ചടങ്ങുകൾ നാളെ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ജിജോ ജോൺ പുത്തേഴത്ത്**

മലയാള മനോരമ കൊച്ചി യൂണിറ്റിലെ സ്പെഷൽ കറസ്പോണ്ടൻറ് ജിജോ ജോൺ പുത്തേഴത്ത് അന്തരിച്ചു. 52 വയസായിരുന്നു. ഒട്ടേറെ അന്വേഷണാത്മക റിപ്പോർട്ടുകൾ പുറത്തു കൊണ്ടുവന്ന പത്രപ്രവർത്തകനായിരുന്നു ജിജോ.

RNU TVPM